# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 393 28-10-2019 - ൽ മറുപടിയ്ക്ക്

### ഉപഭോക്തൃവിവര ഡെസ്കുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ.എം. ഉമ്മർ
" പി. ഉബൈദുള്ള
" മഞ്ഞളാംകുഴി അലി
" വി.കെ ഇബ്രാഹിം കുഞ്ഞ്

മറുപടി

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് മികച്ച സൗകര്യം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നയപരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഉപഭോക്താക്കൾക്ക് ഉപഭോക്തൃ പ്രവർത്തനങ്ങളെ കുറിച്ച് അറിവ് നല്കുവാനും, ഉപഭോക്തൃ പരാതികൾ പരിഹരിയ്ക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുമായി ജില്ലാതലങ്ങളിൽ ഉപഭോക്തൃ സഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചു വരുന്നു. ഉപഭോക്തൃ ബോധവല്കരണത്തിനായി പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിയ്ക്കുന്നതിനുള്ള നടപടികളും, ഉപഭോക്തൃ ബോധവല്കരണ സന്ദേശങ്ങൾ എല്ലാ പ്രദേശങ്ങളിലും എത്തിയ്ക്കുന്നതിനായി ഒരു പരസ്യ വാഹനം തയ്യാറാക്കി അതിലൂടെ പരസ്യങ്ങളും ലഘുവീഡിയോകളും പ്രദർശിപ്പിച്ച് വരുന്നു. കൂടാതെ സോഷ്യൽ മീഡിയ വഴി ലഘു വീഡിയോകളും ലേഖനങ്ങളും പ്രചരിപ്പിച്ച് വരുന്നു. സംസ്ഥാനത്ത് ഉപഭോക്തൃ സംരക്ഷണ, ശാക്തീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഉപഭോക്തൃകാര്യ ഡയറക്ടറേറ്റ് രൂപികരിയ്ക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റേയും ജില്ല ഫോറങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനവും ആധുനീകരണവും നടപ്പിലാക്കി. |
| (ബി) | ഉപഭോക്തൃ തർക്ക പരിഹാര ഫോറം, ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉപഭോക്താക്കൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിനായി ഉപഭോക്തൃതർക്ക പരിഹാര ഫോറവുമായും, ലീഗൽ സർവീസ് അതോറിറ്റിയുമായി പരസ്പരം വിനിമയം നടത്തുന്നതിനുവേണ്ടിയുള്ള ഉപഭോക്തൃവിവര ഡെസ്കുകൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

(മറുപുറം)

| | | | |
|---|---|---|---|
| (സി) | പുതുതായി സ്ഥാപിച്ച ഉപഭോക്തൃവിവര ഡെസ്കുകളുടെ പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (സി) | തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ ഉപഭോക്തൃ വിവര ഡെസ്കുകളുടെ പ്രവർത്തനം ഇതിനകം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മറ്റു ജില്ലകളിൽ നിർമ്മാണ പ്രവർത്തി നടന്നു വരുന്നു. |

Prathmalekha RL

സെക്ഷൻ ഓഫീസർ